കത്തുകൾ

# പ്രസവവും സ്ത്രീവിരുദ്ധമോ?

കേരളീയരിൽ പ്രത്യുത്പാദന ശേഷി കുറയുന്നതിനെക്കുറിച്ച് എഴുതിയ ലേഖനത്തിന് ലഭിച്ച പ്രതികരണങ്ങൾ വീണ്ടും എഴുതാൻ എന്നെ പ്രേരിപ്പിക്കുന്നു.

ലേഖനം ആധികാരികമായി തോന്നുന്നില്ല എന്നാണ് ആശയും ഗോപാലകൃഷ്ണനും വിജയലക്ഷ്മിയും പറയുന്ന ഒരു കാര്യം.

അത് സ്ത്രീ വിരുദ്ധമാണ്; സ്ത്രീയെ പ്രസവിക്കാനുള്ള യന്ത്രമായി കാണുന്നത് പ്രകൃതിപക്ഷപാതം പുലർത്തുന്നു. വിദ്യാഭ്യാസമില്ലാത്തവരും സ്വന്തം കാലിൽ നിൽക്കാൻ ത്രാണിയില്ലാത്തവരുമായ അമ്മമാരാണ് ഭാവിഭാരതത്തിനു വേണ്ടതെന്ന് പറയുന്നു; സ്ത്രീകൾ തൊഴിലും വിദ്യാഭ്യാസവും നേടുന്നതിലുള്ള പ്രതിഷേധമായി അനുഭവപ്പെടുന്നു ഇത്രയുമാണ് ആശയുടെ ആരോപണങ്ങളുടെ ചുരുക്കം.

എന്താണ് ഈ ആധികാരികം? അധികാരസ്ഥാനത്തിരുന്നുകൊണ്ട് ഒരുത്തി പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നത് എന്നാണതിനർത്ഥം എന്നു തോന്നുന്നു. എന്തായാലും അധികാരവുമായി ബന്ധപ്പെട്ട എന്തോ അർത്ഥമായിരിക്കണം അതിനുള്ളത്. അങ്ങിനെയെങ്കിൽ, എന്റെ ലേഖനം ആധികാരികമല്ല. ആവാനും വയ്യ.

ഇപ്പോൾ പെൺകുട്ടികൾ സാരിയെക്കാൾ ചുരിദാറാണ് ഇഷ്ടപ്പെടുന്നത്. ഇപ്പോൾ പെറിയ കുട്ടികൾക്കു പണ്ടത്തെ കുട്ടികളേക്കാൾ വസ്തുതകളറിയാം. മമ്മൂട്ടിയേക്കാൾ ആരാധകരുള്ളത് മോഹൻലാലിനാണ്, കോപ്പർ - ടി ഇടുന്നവർക്ക് പുറംവേദന വരാൻ നല്ല സാധ്യതയുണ്ട്... എന്നൊക്കെ പറയുംപോലെ; ചുറ്റും കാണുന്ന കാര്യങ്ങൾ നിരന്തരം ശ്രദ്ധിക്കുമ്പോൾ മനസിലാകുന്ന ഒരു സാധാരണ കാര്യമെന്ന നിലയിലാണ് വിവാഹം വൈകുന്നതും പ്രസവിക്കാത്തതും തമ്മിലുള്ള ബന്ധത്തെപ്പറ്റി ഞാനെഴുതിയത്. അതിനപ്പുറം യാതൊരു ആധികാരികതയും അതിനില്ല.

ആധികാരികതയില്ലെന്നതോ പോകട്ടെ, എഴുതിയത് സ്ത്രീവിരുദ്ധം കൂടിയായാലോ? എന്റെ ജഗദീശ്വരി; ഇങ്ങനെയൊരു കുബുദ്ധി എനിക്കുണ്ടാക്കിയല്ലോ നീ! എന്തായാലും എഴുതിയത് സ്ത്രീ വിരുദ്ധമോ അല്ലയോ എന്നു നിശ്ചയിച്ച് സർട്ടിഫിക്കറ്റ് നല്കുന്ന ഒരു സ്ഥാപനം കേരളത്തിൽ പ്രവർത്തിക്കുന്നതായി മനസിലാക്കിയ സ്ഥിതിക്ക് ഇനി അവരുടെ സർട്ടിഫിക്കറ്റ് നേടിയേ ഞാനെന്തും പ്രസിദ്ധീകരണത്തിനയയ്ക്കൂ.

അടുത്തത് കേരളീയത്തിന്റെയും കൂടി ചുമതലയാണ്. പ്രകൃതിയാണോ ഫെമിനിസമാണോ മുഖ്യം എന്നൊരു നിലപാട് കേരളീയം എടുക്കേണ്ടതുണ്ട്. പ്രകൃതി ജീവനവും പ്രകൃതി ചികിത്സയും സ്ത്രീനീതിയും ഒരുമിച്ച് അജണ്ടയിൽ പെടുത്തിയിരിക്കുന്ന കേരളീയം സ്ത്രീനീതി എന്ന വാക്കുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കണം. ഇന്നത്തെ അതികൃത ഫെമിനിസ്റ്റ് ഗ്രൂപ്പുകൾ ആഗ്രഹിക്കുന്ന സ്വാതന്ത്ര്യങ്ങളിൽ ചിലതെങ്കിലും പ്രകൃതിവിരുദ്ധമാണെന്നിരിക്കേ, കേരളീയം ഏതുപക്ഷത്താണെന്നും കേരളീയത്തിന്റെ സ്ത്രീനീതി എന്താണെന്നും അറിയേണ്ടതുണ്ട്.

ഉദാഹരണത്തിന്, പ്രസവിക്കുക എന്നത് പെണ്ണിന്റെ പ്രകൃതി ധർമ്മമാണ്. ഗർഭധാരണത്തിനും പ്രസവത്തിനും പെണ്ണൊരുക്കമായിക്കഴിഞ്ഞു എന്ന അറിയിപ്പാണ് പെണ്ണിനെ തീണ്ടാരിയാക്കിക്കൊണ്ട് പ്രകൃതി നല്കുന്നത്. ഗർഭനിരോധന മാർഗ്ഗങ്ങളും ഭ്രൂണഹത്യയും വന്ധ്യംകരണ ശസ്ത്രക്രിയയും ഒക്കെ പ്രകൃതിവിരുദ്ധമാണ്. പ്രായപൂർത്തിയെക്കുറിച്ചോ ജനപ്പെരുപ്പ നിയന്ത്രണത്തെക്കുറിച്ചോ അധികാരികളുണ്ടാക്കുന്ന നിയമങ്ങളനുസരിച്ച് മാറുന്നതല്ല പ്രകൃതി നിയമങ്ങൾ.

ഒരു പരിഷ്കൃത സമൂഹത്തിന്റെ ഭാഗമായി ജീവിക്കുമ്പോൾ ആ സമൂഹത്തിന്റെ നിയമങ്ങൾ ഓരോ വ്യക്തിയും അനുസരിക്കേണ്ടതുണ്ട്; എന്നുവച്ച് അതുതന്നെയാണ് പ്രകൃതിനിയമം എന്നു വാദിക്കുന്നത് ശരിയല്ല. ഈ സമൂഹത്തിന്റെ ഭാഗമാകാൻ ഇത്രത്തോളം പ്രകൃതിവിരുദ്ധമായേ തീരൂ എന്നു മനസിലാക്കുകയാണ് വേണ്ടത്. മിക്കവാറും എല്ലാ ആധുനിക സമൂഹങ്ങളും ഉണ്ടാക്കിയിരിക്കുന്ന ഒരു ഭർത്താവിന് ഒരു ഭാര്യ എന്ന കുടുംബ സങ്കല്പവും വിവാഹപ്രായത്തെക്കുറിച്ചുള്ള നിയമങ്ങളും കുടുംബാസൂത്രണ സംവിധാനങ്ങളുമൊക്കെ പ്രകൃതിവിരുദ്ധമാണ്.

പ്രകൃതിവിരുദ്ധമായ ഏതൊരു കൃത്യത്തിനും അതിന് അനുരൂപമായ ഒരു പ്രതികാര പ്രതികരണം പ്രകൃതിയിൽനിന്നു പ്രതീക്ഷിക്കാം. ആ ഉൾക്കാഴ്ചയാണ് പ്രകൃതി ജീവനത്തിന്റെ ആദ്യപടി.

പൊരുത്തപ്പെടാനാവാത്ത ഒരാളുടെ കൂടെ ജീവിതം മുഴുവൻ പങ്കുവയ്ക്കണമെന്ന നിയമം ശരിയല്ലെന്നും ഇഷ്ടപ്പെട്ട ഇണയെയോ ഇണകളെയോ തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം വേണമെന്നും പറയുമ്പോൾ ഫെമിനിസ്റ്റുകൾ ഒരു പ്രകൃതിനിയമം നടപ്പാക്കണമെന്നാണ് പറയുന്നത്. ഇഷ്ടപ്പെട്ട ആളെ ഇണയാക്കണം, പക്ഷേ, അയാളിൽനിന്നും ഗർഭം ധരിക്കാൻ പാടില്ല അഥവാ ഇത്രതവണയേ ഗർഭം ധരിക്കൂ എന്നു പറയുമ്പോൾ അവർ പ്രകൃതിവിരുദ്ധരാണ്.

തങ്ങളുടെ സുഖഭോഗ താല്പര്യങ്ങൾക്കെതിരാകും വരെ മാത്രമേ ഫെമിനിസ്റ്റുകൾ പ്രകൃതിയെ കൂടെ നിർത്തൂ. അതു കഴിഞ്ഞാൽ ഭാഷയിലെ സ്ത്രീവിരുദ്ധ പ്രയോഗങ്ങൾ എന്നു പറയുംപോലെ പ്രകൃതിയുടെ സ്ത്രീവിരുദ്ധ നിയമങ്ങൾ എന്നും പറഞ്ഞേക്കും. അതുകൊണ്ട് കേരളീയമേ നിന്റെ നിലപാടെന്തെന്നു തീരുമാനിക്കുക.

അടുത്തത്, 18-20 വയസിൽ ഒരു പെൺകുട്ടിക്ക് ബിരുദംപോലും നേടാനായിട്ടുണ്ടാവില്ല എന്നും ആ സമയത്ത് അവൾ അമ്മയായാൽ വിദ്യാഭ്യാസമില്ലാത്ത സ്വന്തം കാലിൽ നിൽക്കാനാകാത്ത അമ്മമാരാണ് ഭാരതം നിറയെ ഉണ്ടാവുക എന്നുമുള്ള പരാമർശമാണ്. ഇതിനു മറുപടിയായി ചില കാര്യങ്ങൾ ചോദിക്കട്ടെ. ജോലിയുള്ള ഒരു പെണ്ണ് പ്രസവിക്കേണ്ട സാഹചര്യം വന്നതുമൂലം ജോലി വേണ്ടെന്നു വയ്ക്കേണ്ടിവരുന്ന സാഹചര്യം ഉണ്ടാകുന്നുണ്ടോ. ജോലിയേക്കാൾ പ്രയാസമാണോ വിദ്യാഭ്യാസം. ജോലിക്കാരിക്ക് പ്രസവിക്കാമെങ്കിൽ വിദ്യാർത്ഥിനിക്കു പ്രസവിച്ചുകൂടേ.? ബിരുദമാണോ വിദ്യാഭ്യാസം?, അതു നേടിയാൽ സ്വന്തം കാലിൽ നിൽക്കാനാവുമോ? (വീണ്ടും പറയട്ടെ: ഇന്ന പ്രായത്തിൽ പ്രസവിക്കണമെന്നു ഞാൻ പറഞ്ഞിട്ടില്ല. ഇന്ന പ്രായത്തിൽ പ്രസവിക്കാത്തപക്ഷം പ്രസവം തന്നെ ബുദ്ധിമുട്ടാകും എന്നേ പറഞ്ഞുള്ളൂ.)

പെണ്ണിന്റെ ജൈവധർമ്മമായ പ്രസവം അവളുടെ വിദ്യാസമ്പാദനത്തിനും തൊഴിൽ ലാഭത്തിനും എതിരു നിൽക്കുന്ന ഒന്നാണെന്നു പറയുമ്പോൾ ആ പറച്ചിലല്ലേ, സ്ത്രീവിരുദ്ധം?

ഒന്നുകൂടി; പ്രകൃതിവിരുദ്ധമായതെല്ലാം സ്ത്രീവിരുദ്ധവും സ്ത്രീവിരുദ്ധമായതെല്ലാം പ്രകൃതിവിരുദ്ധവുമായിരിക്കില്ലേ? അങ്ങനെ ആകുമ്പോഴല്ലേ പെണ്ണും മണ്ണും തമ്മിലുള്ള ബന്ധം ശരിയാകുന്നുള്ളൂ?

കാഞ്ചന